മാതൃഭൂമി

21 December 2016



സി.എം.എഫ്.ആർ.ഐ. യുടെ നേതൃത്വത്തിൽ മരട് നഗരസഭയിലെ തണ്ടാശ്ശേരി കോളനിയിൽ നടത്തിയ കരിമീൻ കൂടുകൃഷി വിളവെടുപ്പ് നടത്തിയപ്പോൾ

## കരിമീൻ കൂടുകൃഷി വിളവെടുപ്പ്

# മികച്ച നേട്ടം കൊയ്ത് സി.എം.എഫ്.ആർ.ഐ.

**കൊച്ചി:** കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) മത്സ്യ കൂടുകൃഷി പദ്ധതിയിൽ ആദിവാസി കുടുംബങ്ങൾക്ക് മികച്ച നേട്ടം. മരട് നഗരസഭയിലെ തണ്ടാശ്ശേരി കോളനിയിലാണ് കൃഷി നടത്തിയത്.

ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിനു വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ട്രൈബൽ സബ് പ്ലാൻ ഉപയോഗിച്ച് എട്ട് മാസം മുമ്പാണ് കൃഷിയിറക്കിയത്. 750 കരിമീൻ കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്. വിളവെടുത്തപ്പോൾ 250 മുതൽ 300 ഗ്രാം വരെ തൂക്കം വരുന്ന കരിമീനുകളെ കിട്ടി. കിലോഗ്രാമിന് 400 മുതൽ 500 രൂപ വരെ വില ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ച പേൾപ്ലസ് എന്ന തീറ്റയാണ് മീനുകൾക്ക് നൽകിയത്. ജി.ഐ. പൈപ്പുകളുപയോഗിച്ച് നാല് മീറ്റർ വീതം നീളവും വീതിയുമുള്ള രണ്ട് കൂടുകളാണ് കൃഷിക്ക് ഉപയോഗിച്ചത്. ഒരു ചതുരശ്ര മീറ്ററിൽ 20 മീൻ കുഞ്ഞുങ്ങൾ എന്ന തോതിലാണ് കൃഷി നടത്തിയത്.

കൃഷി ചെയ്യാനും സ്വയം സംരംഭകരാകാനും ആവശ്യമായ പരിശീലനം സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസിന്റെ നേതൃത്വത്തിലുള്ള സംഘം നൽകി. വിളവെടുപ്പ് മരട് നഗരസഭ ചെയർപേഴ്സൺ ദിവ്യ അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സി.എം.എഫ്.ആർ.ഐ. യുടെ സേവനം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വലിയ മുതൽക്കൂട്ടായെന്ന് ആദിവാസി ഗോത്രവിഭാഗ ഊര് മൂപ്പൻ രാജേന്ദ്രൻ പറഞ്ഞു.

കൗൺസിലർ വിനു ജോസഫ്, മത്സ്യ കൂടുകൃഷി സംഘത്തലവൻ പ്രകാശൻ എന്നിവരും വിളവെടുപ്പ് ചടങ്ങിൽ പങ്കാളികളായി.